ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ പട്ടികജാതിക്കാരുടെ കൂട്ടത്തിൽ ഏതെല്ലാം സമുദായക്കാർ ഉൾപ്പെട്ടും?

ശ്രീ. സി. കേശവൻ: വാലസമുദായം, വേളാർ, മലഅരയൻ, മുതലായവരെയാണ്. ഇതുകൂടാതെ വിദ്യാഭ്യാസ സൌജന്യങ്ങളും സമ്പാദിക്കുന്നതിനും മറ്റുമായി മറ്റു സമുദായങ്ങളും പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

സാഹിബ് ബഹദൂർ അബ്ദുൾ അസീസ്: ഈ പട്ടികജാതിക്കാർ എന്നു പറയുന്നതു് ആക്ഷേപമാണോ?

ശ്രീ. സി. കേശവൻ: അല്ല.

ശ്രീ. എ. പി. ഉദയഭാനു: വിശ്വകർമ്മസമുദായം എന്നു പറയുന്നതു് വിശ്വകർമ്മബ്രാഹ്മണരല്ലേ?

ശ്രീ. സി. കേശവൻ: അതേ.

ടെക്സ്റ്റയിൽ കമ്മിറ്റി

*൨൦൩ (മൻ) സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട കൺട്രോൾ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

തുണി നൂൽ വിതരണസംബന്ധമായി പുതിയ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിലേക്കു് ഏർപ്പെടുത്തിയ കമ്മിറ്റി ഇതിനകം എത്ര പ്രവർത്തിച്ചിട്ടുണ്ടു്?

ധനകാര്യവും, ഭക്ഷ്യവും, വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര): ഈ സംബന്ധിച്ചു് ൧൦-൪-൪൯-ൽ ഒരു കമ്മിറ്റിയെ രൂപീകരിച്ചു. ആ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം നൂൽകൊടുത്തു പകരം തുണിവാങ്ങിക്കുക എന്നുള്ള സ്കീം അംഗീകരിച്ചിട്ടുണ്ടു്. ഈ പദ്ധതി അനുസരിച്ചു് തിരുവിതാംകൂർ ഹാൻഡ്ലൂം വീവഴ്സു് സെൻട്രൽ കോവാപ്പറേറ്റീവു് സൊസൈറ്റിക്കു് ൧൦ ബെയിൽ നൂലും മേമാസം മുതൽ അനുവദിച്ചിട്ടുണ്ടു്. ഒരു ടെക്സ്റ്റയിൽ സെൻട്രൽ അഡ്വൈസറി കമ്മിറ്റി രൂപീകരിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടു്. ഈ കമ്മിറ്റി ഉടനെ തന്നെ സംഘടിപ്പിക്കുന്നതാണു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ രണ്ടു സംഘടനകൾക്കും നൂൽ കൊടുത്തിട്ടു് തിരിച്ചു് തുണി വാങ്ങിയിട്ടുള്ളതായറിയാമോ?

ശ്രീ. കെ. എം. കോര: ഇപ്പോൾ പറയാൻ നിവർത്തിയില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: അവർക്കു് എത്ര ഇഷ്യു കൊടുത്തു എന്നു പറയാമോ?

ശ്രീ. കെ. എം. കോര: അതിപ്പോൾ പറയാൻ നിവർത്തിയില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ മാസത്തിൽ എത്ര തവണ കൊടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. കെ. എം. കോര: അതിനു നോട്ടീസു വേണം.

TEACHERS APPOINTED ON A BASIC SALARY OF Rs. 50

*204. [20] **Sri. N. Daniel Jose:** Will the hon. Minister for Education be pleased to state.—

(*a*) the number of teachers appointed since September 1949 on a basic salary of Rs. 50;

(*b*) whether they have been given increments so far or paid revised scales; and

LIBRARY ARCHIVES Kerala Legislative Assembly